**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ ***94** 04-02-2019 -ൽ മറുപടിക്ക്

## പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നീതിയുക്തമാക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ വി.ടി.ബൽറാം**<br>**ശ്രീ ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും**<br>**വകുപ്പ് മന്ത്രി)** |
| എ) | പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ രാഷ്ട്രീയ അടിസ്ഥാനത്തിൽ വിവേചനം നടന്നത് കാരണം അർഹരായ നിരവധി ദുരിതബാധിതർ തഴയപ്പെട്ടതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; | എ) | ഇത്തരം പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | എങ്കിൽ പ്രസ്തുത പരാതികൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | ബി) | ബാധകമല്ല. |
| സി) | ദുരിതാശ്വാസ പ്രവർത്തനങ്ങൾ നീതിയുക്തമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | സി) | 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് തികച്ചും സുതാര്യവും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനപ്രദവുമായ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. പ്രളയത്തിന്റെ ഭാഗമായി 2 ദിവസത്തിൽ കൂടുതൽ വീടുകളിൽ വെള്ളം കെട്ടിനിന്ന കുടുംബത്തിന് 10,000/- രൂപയുടെ അടിയന്തിര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതുവരെ 6,87,843 പേർക്ക് 10,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. പ്രളയബാധിതർക്ക് ഭക്ഷ്യ വസ്തുക്കളുടെ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 22 ഇന അവശ്യ സാധനങ്ങളടങ്ങിയ 7,24,352 കിറ്റുകൾ വിതരണം ചെയ്തു. അതിന് പുറമെ 500 രൂപ വിലവരുന്ന ഭക്ഷ്യധാന്യങ്ങളടങ്ങിയ 10,50,838 കിറ്റുകളും വിതരണം ചെയ്തു. ഇതിനായി 51.54 കോടി രൂപ ചെലവായിട്ടുണ്ട്. 2018-ലെ പ്രളയക്കെടുതികളുമായി ബന്ധപ്പെട്ട് നാശം സംഭവിച്ച വീടുകളുടെ ഡിജിറ്റലടിസ്ഥാന വിവര ശേഖരണം തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരം നടത്തിയിട്ടുള്ളതാണ്. വീടുകളുടെ |

| | | | |
|---|---|---|---|
| | | | പുനർനിർമ്മാണം / പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് മിനിമം റിലീഫ് കോഡ് നിർണ്ണയിച്ച് അർഹരായ എല്ലാവർക്കും ദുരിതാശ്വാസം അനുവദിക്കുന്നതിന് ഏകീകൃതമായ നിരക്ക് പ്രഖ്യാപിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്ന വീടുകൾക്ക് 4,00,000/- രൂപയും ഭാഗികമായി തകർന്ന വീടുകളിൽ 15% വരെയുള്ളതിന് 10,000/- രൂപയും 16 മുതൽ 29% വരെയുള്ളതിന് 60,000/- രൂപയും 30 മുതൽ 59% വരെയുള്ളതിന് 1,25,000/- രൂപയും 60 മുതൽ 74% വരെയുള്ളതിന് 2,50,000/- രൂപയും ആണ് നിശ്ചയിച്ചിരിക്കുന്നത്. 15% വരെ തകർച്ച നേരിട്ടതും 16 മുതൽ 29% വരെ തകർച്ച നേരിട്ടതും ആയ വീടുകൾക്ക് ധനസഹായം പൂർണ്ണമായും അനുവദിച്ചു. 30 മുതൽ 59% വരെയും 60 മുതൽ 74% വരെയും തകർച്ച നേരിട്ട വീടുകൾക്ക് ഒന്നാം ഗഡു വിതരണം ചെയ്തിട്ടുണ്ട്. പൂർണ്ണമായി തകർന്ന വീടുകൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായ തുകയ്ക്ക് ഉപരിയായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നത് വീടിന്റെ ഓരോ നിർദ്ദിഷ്ട ഘട്ടങ്ങളും പൂർത്തീകരിക്കുന്ന മുറയ്ക്കാണ്. പ്രസ്തുത തുകയുടെ 50% വീട് നിർമ്മാണത്തിന്റെ 25% പൂർത്തിയാക്കുമ്പോഴും തുടർന്നുള്ള 50 % വീട് നിർമ്മാണത്തിന്റെ 75% പൂർത്തിയാകുമ്പോഴും അനുവദിക്കുന്നതാണ്. സഹകരണ വകുപ്പിന്റെ സഹകരണത്തോടെ കെയർ ഹോം ഭവന പദ്ധതി പ്രകാരവും വീട് നിർമ്മിച്ച് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അത് പ്രകാരം വിവിധ ജില്ലകളിൽ പ്രവർത്തനം നടന്നു വരുന്നു.<br>'സുരക്ഷിത കൂടൊരുക്കും കേരളം' എന്ന പേരിൽ ബ്ലോക്കുതലത്തിലും നഗരസഭാ തലത്തിലും ഭവന നിർമ്മാണ സഹായകേന്ദ്രങ്ങൾ ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈഫ് മിഷന് ആണ് ഈ കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല. പ്രകൃതി ദുരന്തങ്ങളിൽ തകർന്ന വീടുകളുടെ പുനർ നിർമ്മാണം ദുരന്തബാധിതരുടെ നേതൃത്വത്തിലും പൂർണ്ണ പങ്കാളിത്തത്തിലും ആകണമെന്ന രാജ്യാന്തരതലത്തിലുള്ള അംഗീകൃതമാതൃക പിന്തുടർന്ന് 2018 ൽ പ്രളയത്തിൽ പൂർണ്ണമായും |

| | | | |
|---|---|---|---|
| | | | തകർന്നതും ഗുരുതരമായി (75%ത്തിലേറെ) കേടുസംഭവിച്ച് വാസയോഗ്യമല്ലാതായതുമായ വീടുകളുടെ പുനർനിർമ്മാണം ആരംഭിക്കുന്നതിന് വീടുനഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്കു തലത്തിൽ വിളിച്ചു ചേർക്കുവാനും, വിശദമായി വിവിധ ഭവന നിർമാണ സാദ്ധ്യതകൾ വിശദീകരിച്ച് നൽകുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. GO (Ms) No. 18/2018/DMD dated 03/09/2018 പ്രകാരം തദ്ദേശ വകുപ്പ് ഓവർസിയർ/ എൻജിനിയർമാരുടെ കീഴിൽ സന്നദ്ധ പ്രവർത്തകരും എൻജിനിയർമാരും അംഗീകരിക്കുന്ന വീടിന്റെ കെട്ടിട നഷ്ടത്തിന്റെ (Structural damage) തോത് മേൽ പരിശോധനക്ക് ശേഷം അംഗീകരിക്കുന്നത് തദ്ദേശ സ്ഥാപന സെക്രട്ടറിയാണ്. ഇവരുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുവാനായി ആസൂത്രണ വകുപ്പ് അംഗം ചെയർമാനായി ഒരു 4 അംഗ സമിതിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കണക്കെടുപ്പിൽ തർക്കമുണ്ടായാൽ അപ്പീൽ നൽകുന്നതിനായി ജില്ലാ കളക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രളയത്തിൽ പൂർണ്ണമായി തകർന്ന വീടുകൾ ഇപ്പോഴത്തെ കണക്കനുസരിച്ച് 13362 ആണ്. അതിൽ 7428 പേർ സ്വയം വീട് നിർമ്മിച്ചുകൊള്ളാമെന്ന് അറിയിച്ചു. ആകെ 9341 പേർക്ക് ആദ്യഗഡു സഹായം നൽകി വീട് പണി ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ സഹകരണ സ്ഥാപനങ്ങളുടെ കൂട്ടായ്മ, കെയർ ഹോം, സന്നദ്ധസംഘടനകൾ എന്നിവ മുഖേന നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. പൂർണ്ണമായും തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്.<br><br>അടിയന്തിര ധനസഹായമായ 10,000/- രൂപ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പരാതികൾ സ്വീകരിക്കുന്നതിനും അവ പരിശോധിച്ച് അർഹരായവർക്ക് ദുരിതാശ്വാസം അനുവദിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് അപ്പീൽ പരാതികൾ പരിശോധിച്ച് അർഹരായവർക്ക് പ്രസ്തുത ദുരിതാശ്വാസം അനുവദിച്ചിട്ടുണ്ട്. 22.11.2018-ലെ സ.ഉ. (സാധാ)നം.627/2018/ഡി.എം.ഡി. ഉത്തരവ് പ്രകാരം ദുരിതാശ്വാസം അനുവദിക്കുന്നതുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് ആർക്കെങ്കിലും പരാതിയുള്ള പക്ഷം ദുരന്ത നിവാരണത്തിന്റെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി കളക്ടർക്ക് അപ്പീലും ജില്ലാ കളക്ടർക്ക് റിവിഷനും സമർപ്പിച്ച് നീതി ഉറപ്പാക്കാനുള്ള പരാതി പരിഹാര സംവിധാനം രൂപീകരിച്ചിട്ടുണ്ട്. വീടുകൾക്കുണ്ടായ നാശനഷ്ടം സുതാര്യമായി തിട്ടപ്പെടുത്തുന്നതിനാണ് ഡിജിറ്റൽ അധിഷ്ഠിത വിവര ശേഖരണം നടത്തിയത്. വീടുകളുടെ കണക്കെടുപ്പ് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ആക്ഷേപമുണ്ടെങ്കിൽ ആയതിനായി അപ്പീൽ സമർപ്പിക്കുന്നതിനും സർക്കാർ അവസരം നൽകിയിട്ടുണ്ട്. ഇപ്രകാരം നീതിയുക്തവും സുതാര്യവും പരാതികൾക്കിടയില്ലാത്ത വിധവുമുള്ളതുമായ രീതിയിൽ പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾ സമസ്ത വിഭാഗം ജനങ്ങൾക്കും പ്രാപ്യമാകുന്നതിനാണ് സർക്കാർ പരിശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ